# മധുരമായ കുട്ടികളേ – ബാബ വന്നിരിക്കുകയാണ് നിങ്ങളുടെ സർവ്വ ശുദ്ധകാമനകളെയും പൂർത്തീകരിച്ചു തരുവാൻ, രാവണൻ അശുദ്ധകാമനകളെ പൂർത്തീകരിച്ചുതരുന്നു എന്നാൽ ബാബ ശുദ്ധകാമനകളെ പൂർത്തീക രിച്ചുതരുന്നു.

**ചോദ്യം:–** ബാബയുടെ ശ്രീമതം ലംഘിക്കുന്നവരുടെ അന്തിമ ഗതിയെന്താകും?
**ഉത്തരം:–** ശ്രീമതം ലംഘിക്കുന്നവരെ മായയുടെ ഭൂതം അന്തിമത്തിൽ രാമ–രാമൻ സത്യമാണ്.... എന്ന് പറയിപ്പിച്ച് വീട്ടിലേക്ക് കൂട്ടികൊണ്ടുപോകും. പിന്നെ വളരെ കടുത്ത ശിക്ഷ അനുഭവിക്കേണ്ടി വരും. ശ്രീമതമനുസരിച്ച് നടക്കുന്നില്ലായെങ്കിൽ അവർ മരിച്ചു. ധർമ്മരാജൻ കണക്കെല്ലാം എടുക്കുന്നു, അതുകൊണ്ട് ബാബ കുട്ടികൾക്ക് നല്ല നിർദ്ദേശം നല്കുന്നു, കുട്ടികളേ മായയുടെ തെറ്റായ നിർദ്ദേശത്തിൽ പെടാതെ ശ്രദ്ധിക്കു. ബാബയുടേതായി പിന്നീട് എന്തെങ്കിലും തെറ്റ് സംഭവിച്ച് 100 മടങ്ങ് ശിക്ഷ അനുഭവിക്കേണ്ടി വരരുത്. ശ്രീമത്തനുസരിച്ച് നടക്കുന്നില്ലായെങ്കിൽ, പഠിത്തം ഉപേക്ഷിക്കുകയാണെങ്കിൽ സ്വയം സ്വയത്തെ ശപിക്കുകയാണ്, തന്റെമേൽ അകൃപ കാണിക്കുകയാണ്.

**ഗീതം:–** ഓം നമ: ശിവായ....

**ഓം ശാന്തി**. പരമാത്മാവിന്റെ ഈ മഹിമ ഭക്തർ പാടുന്നു. ഹേ ഭഗവാൻ ഹേ ശിവബാബ, എന്നും പറയുന്നുണ്ട്, ആരാണ് ഇങ്ങനെ പറയുന്നത്? ആത്മാവാണ് തന്റെ അച്ഛനെ ഓർമ്മിക്കുന്നത് കാരണം ആത്മാവിന് അറിയാം ഞങ്ങൾക്ക് ലൗകീക അച്ഛനുണ്ട് കൂടാതെ ശിവബാബ പാർലൗകീക അച്ഛനാണ്. ബാബ ഭാരതത്തിലാണ് വരുന്നത് കൂടാതെ ഒരേ ഒരു പ്രാവശ്യമാണ് അവതാരമെടുക്കുന്നത്. ഹേ പതീത പാവനാ, ഞങ്ങൾ ഭ്രഷ്ഠാചാരി പതീതരെ ശ്രേഷ്ഠാചാരി പാവനമാക്കാൻ വരൂ എന്ന് പാടാറുണ്ട് എന്നാൽ സർവ്വരും തന്നെ പതീത ഭ്രഷ്ഠാചാരികളെന്ന് മനസിലാക്കുന്നില്ല. സർവ്വരും ഒരേ തരത്തിലുള്ളവരാകില്ല. ഓരോരുത്തർക്കും അവരവരുടേതായ പദവി ഉണ്ടാകും. ഓരോരുത്തരുടെയും കർമ്മത്തിന്റെ ഗതി വ്യത്യസ്ഥമായിരിക്കും, ഒന്ന് മറ്റൊന്നുപോലെയായിരിക്കില്ല. നിങ്ങൾ ബാബയെ തിരിച്ചറിയാത്തതുകാരണം ഇത്ര അനാഥരും പതീതരുമായി. പതീത–പാവനൻ എല്ലാവരുടെയും സത്ഗതി ദാതാവ് അങ്ങാണെന്ന് പറയുന്നുണ്ട്. അങ്ങനെയെങ്കിൽ ഗീതയും ഗംഗയും പതീത–പാവനി ആയതെങ്ങനെയാണ്. ആരാണ് നിങ്ങളെ ഇത്ര അവിവേകികളാക്കിയത്. ഈ അഞ്ച് വികാരങ്ങളാകുന്ന രാവണനാണ്. ഇപ്പോൾ സർവ്വരും രാവണരാജ്യം അഥവാ ശോകവാടികയിലാണ്. മുഖ്യമായിട്ടുള്ളവർക്ക് വളരെ ചിന്തയുണ്ട്. സർവ്വരും ദു:ഖികളാണ്, അതുകൊണ്ടാണ് വിളിക്കുന്നത്– അല്ലയോ ബാബാ അങ്ങ് വരൂ, ഞങ്ങളെ സ്വർഗ്ഗത്തിലേക്ക് കൂട്ടികൊണ്ട് പോകു. സദാ നിരോഗിയും, ദീർഘായുസ്സും, ശാന്തിസമ്പന്നവും, ധനവാനുമാക്കു. ബാബ സുഖത്തിന്റെയും ശാന്തിയുടെയും സാഗരമല്ലേ. മനുഷ്യർക്ക് ഈ മഹിമയുണ്ടാകില്ല. മനുഷ്യർ സ്വയത്തെ ശിവോഹം എന്ന് പറഞ്ഞാലും പതീതമാണ്. നിങ്ങൾ ബാബയെ സർവ്വവ്യാപി എന്ന് പറയുന്നു, എങ്കിൽ ഒരുകാര്യവും ശരിയാകില്ല എന്ന് ബാബ പറയുന്നു. ഭക്തിയും നടക്കില്ല കാരണം ഭക്തൻമാർ ഭഗവാനെ ഓർമ്മിക്കുന്നു. ഭഗവാൻ ഒന്നാണ് ഭക്തൻമാർ അനേകമുണ്ട്. ഭഗവാനായ എന്നെ കല്ലിലും ലോഹത്തിലുമൊക്കെ ഉണ്ടെന്ന് പറഞ്ഞ് എല്ലാവരും സ്വയം കല്ല് ബുദ്ധികളാകുമ്പോൾ എനിക്ക് വരേണ്ടി വരുന്നു. പ്രജാപിതാ ബ്രഹ്മാവിലൂടെ പാവന ലോകത്തിന്റെ സ്ഥാപന ചെയ്യിപ്പിക്കുന്നു. നിങ്ങൾ പ്രജാപിതാ ബ്രഹ്മാവിന്റെ ദത്തെടുക്കപ്പെട്ട കുട്ടികളാണ്, എത്രയധികം കുട്ടികളാണ്. ഇനിയും വൃദ്ധി പ്രാപിക്കും. ബ്രാഹ്മണരാകുന്നവരേ ദേവതയാകുകയുള്ളു. മുൻപ് നിങ്ങൾ ശൂദ്രൻമാരായിരുന്നു പിന്നീട് ബ്രഹ്മാമുഖവംശാവലി ബ്രാഹ്മണരായി, ശേഷം ദേവത ക്ഷത്രിയരാകും. ഈ ചക്രം കറങ്ങുന്നു. ബാബയാണിത് മനസിലാക്കി തരുന്നത്. ഇത് മനുഷ്യ സൃഷ്ടിയാണ്, സൂക്ഷ്മവതനത്തിൽ ഫരിസ്തകളാണ്. അവിടെ വൃക്ഷമൊന്നുമില്ല. ഇവിടെയാണ് ഈ മനുഷ്യ സൃഷ്ടിരൂപീ വൃക്ഷം. അതുകൊണ്ട് ബാബ വന്ന് ഈ ജ്ഞാനാമൃതത്തിന്റെ കലശം മാതാക്കളുടെ ശിരസിൽ വെയ്ക്കുന്നു. വാസ്തവത്തിൽ അമൃതൊന്നുമില്ല. ഇത് ജ്ഞാനമാണ്. ബാബ വന്ന് സഹജ രാജയോഗത്തിന്റെ പഠിപ്പ് നൽകുന്നു. ബാബ പറയുന്നു: ഞാൻ നിരാകാരനാണ്, നമ്പർ വൺ ആയ മനുഷ്യ ശരീരത്തിൽ പ്രവേശിക്കുന്നു. ഞാൻ ബ്രഹ്മാവിന്റെ ശരീരത്തിൽ പ്രവേശിക്കുമ്പോഴാണ് ബ്രാഹ്മണ സമ്പ്രദായം ഉണ്ടാകുന്നത് എന്ന് സ്വയം പറയുന്നു. ബ്രഹ്മാവിനെ ഇവിടെയാണ് ആവശ്യം. അവ്യക്ത ബ്രഹ്മാവാണ് ആ സൂക്ഷ്മ വതനവാസി. ഞാൻ ഇദ്ദേഹത്തെ ഫരിസ്ത ആക്കുവാനായി ഈ വ്യക്തത്തിൽ പ്രവേശിക്കുന്നു. നിങ്ങളും അന്ത്യത്തിൽ ഫരിസ്തയാകും. ബ്രാഹ്മണരായ നിങ്ങൾക്ക് ഇവിടെ വെച്ചു തന്നെ പവിത്രമാകണം. പിന്നെ പവിത്രലോകത്തിൽ പോയി ജൻമമെടുക്കും.

നിങ്ങൾ രണ്ട് ഹിംസയും ചെയ്യുന്നില്ല. കാമകഠാര ഉപയോഗിക്കുന്നതാണ് ഏറ്റവും വലിയ ഹിംസ, ഇത് കാരണമാണ് മനുഷ്യർ ആദി മദ്ധ്യ അന്ത്യം ദു:ഖം അനുഭവിക്കുന്നത്. ദ്വാപരയുഗം മുതൽ കാമകഠാര ഉപയോഗിച്ചാണ് വന്നത്. അപ്പോഴാണ് വീഴാൻ തുടങ്ങിയത്. മനുഷ്യരുടെ പക്കൽ ഭക്തിയുടെ ജ്ഞാനമുണ്ട്. വേദ ശാസ്ത്രങ്ങൾ പഠിക്കുന്നു, ഭക്തി ചെയ്യുന്നു. ജ്ഞാനം, ഭക്തി, വൈരാഗ്യം എന്ന് പറയാറുണ്ട്. ഭക്തിക്ക് ശേഷം തന്നെയാണ് ബാബ മുഴുവൻ ലോകത്തോടും വൈരാഗ്യം ഉണർത്തിത്തരുന്നത്, കാരണം ഈ പതീത ലോകത്തിന്റെ വിനാശം സംഭവിക്കണം, അതുകൊണ്ട് ദേഹം സഹിതം ദേഹത്തിന്റെ സർവ്വ സംബന്ധി കളേയും മറക്കു. എന്നോടൊപ്പം മാത്രം ബുദ്ധീയോഗം വെയ്ക്കു. അന്തിമ സമയത്ത് ആരുടെയും ഓർമ്മ വരരുത് ആ രീതിയിൽ അഭ്യസിക്കു. ഈ പഴയ ലോകത്തിന്റെ ത്യാഗം ചെയ്യിപ്പിക്കുന്നു. പരിധിയില്ലാത്ത സന്യാസം പരിധിയില്ലാത്ത ബാബ തന്നെയാണ് ചെയ്യിപ്പിക്കുന്നത്. എല്ലാവർക്കും പുനർജന്മം എടുക്കണം അല്ലെങ്കിൽ എങ്ങനെയാണ് ഇത്ര വൃദ്ധിയുണ്ടാകുന്നത്? പരിധിയുള്ള സന്യാസികളിലൂടെ പവിത്രതയുടെ ബലം ഭാരതവാസികൾക്ക് ലഭിക്കുന്നു. ഭാരതം പോലെ പവിത്ര ഖണ്ഡം മറ്റൊന്നില്ല, ബാബയുടെ ജന്മ സ്ഥലമാണിത്. എന്നാൽ എങ്ങനെയാണ് ബാബ അവതാരമെടുക്കുന്നത്, എന്താണ് ചെയ്യുന്നതെന്നറിയില്ല. ഒന്നും തന്നെ അറിയില്ല. ബ്രഹ്മാവിന്റെ രാത്രി, ബ്രഹ്മാവിന്റെ പകൽ എന്ന് പറയുന്നുണ്ട്. പകൽ എന്നാൽ സ്വർഗ്ഗം, രാത്രി എന്നാൽ നരകം. ബ്രഹ്മാവിന്റെ രാത്രി നിങ്ങൾ കുട്ടികളുടേയും രാത്രിയാണ്. ബ്രഹ്മാവിന്റെ പകൽ നിങ്ങൾ കുട്ടികളുടേയും പകലാണ്. രാവണന്റെ രാജ്യത്തിൽ സർവ്വരും ദുർഗതി പ്രാപിച്ചിരിക്കുകയാണ്. ഇപ്പോൾ നിങ്ങൾ കുട്ടികൾ ബാബയിലൂടെ സദ്ഗതി നേടുന്നു. നിങ്ങൾ ഇപ്പോൾ ഈശ്വരീയ സന്താനങ്ങളാണ്. ബ്രഹ്മാവ് പരമപിതാ പരമാത്മാവിന്റെ കുട്ടിയാണ്. നിങ്ങൾ ബ്രഹ്മാവിന്റെ ദത്തെടുക്കപ്പെട്ട കുട്ടികളാണ്. അപ്പോൾ ശിവബാബയുടെ പേരകുട്ടികളാണ്. ഈ പുത്രൻ ബ്രഹ്മാവ് കേൾക്കുന്നു ഒപ്പം നിങ്ങൾ പേരകുട്ടികൾ, ആൺ മക്കളും പെൺ മക്കളും കേൾക്കുന്നു. പിന്നീട് ഈ ജ്ഞാനം കാലഹരണപ്പെട്ടു പോകും. ബാബയാണ് ഈ രാജയോഗം വന്ന് പഠിപ്പിക്കുന്നത്. സന്യാസിമാരുടെ പാർട്ട് വേറെയാണ്, നിങ്ങൾ ആദിസനാത ദേവീ-ദേവതാ ധർമ്മത്തിലുള്ളവരുടെ പാർട്ട് വേറെയാണ്. അവിടെ ദേവതകളുടെ ആയുസ്സ് കൂടുതലായിരിക്കും. അകാലമൃത്യു ഉണ്ടാകില്ല. അവിടെ ദേവതകൾ ആത്മാഭിമാനികളായിരിക്കും. പരമാത്മാഭിമാനികളല്ല. പിന്നെ മായയുടെ പ്രവേശനം ഉണ്ടാകുമ്പോൾ ദേഹാഭിമാനികളാകുന്നു. ഇപ്പോൾ നിങ്ങൾ ആത്മാഭിമാനികളുമാണ് പരമാത്മാഭിമാനി കളുമാണ്. ഞങ്ങൾ പരമാത്മാവിന്റെ സന്താനങ്ങളാണെന്ന് നിങ്ങൾക്കിപ്പോൾ അറിയാം, പരമാത്മാവിന്റെ കർത്തവ്യത്തെകുറിച്ചും അറിയാം. ഇത് ശുദ്ധ അഭിമാനമാണ്. സ്വയം തന്നെ ശിവോഹം അല്ലെങ്കിൽ പരമാത്മാവ് എന്ന് പറയുന്നത് അശുദ്ധ അഭിമാനമാണ്. നിങ്ങൾ ഇപ്പോൾ പരമാത്മാവിലൂടെ സ്വയത്തെയും പരമാത്മാവിനേയും മനസിലാക്കി. നിങ്ങൾക്കറിയാം പരമപിതാ പരമാത്മാവ് കല്പ കല്പം വരുന്നു. പരമാത്മാവ് ഭക്തീമാർഗ്ഗത്തിലും അല്പകാല സുഖം നൽകുന്നു. ബാക്കി ആ ചിത്രം ജഡമാണ്. നിങ്ങൾ ഏതൊരു മനോകാമനയോടെ പൂജ ചെയ്യുന്നുവോ ഞാൻ നിങ്ങളുടെ സർവ്വ ശുദ്ധ കാമനകളെയും പൂർത്തീകരിച്ചു തരുന്നു. രാവണൻ അശുദ്ധകാമനകളെ പൂർത്തീകരിച്ചു തരുന്നു. ധാരാളം സിദ്ധികളെല്ലാം പഠിക്കുന്നു. അതാണ് രാവണന്റെ മതം. ഞാൻ സുഖ ദാതാവാണ്. ഞാൻ ആർക്കും ദു:ഖം നൽകുന്നില്ല. ദു:ഖവും സുഖവും ഈശ്വരൻ തന്നെയാണ് നല്കുന്നതെന്ന് പറയുന്നു. ഇങ്ങനെയും എന്റെമേൽ കളങ്കം ചാർത്തുന്നു. അങ്ങനെയാണെങ്കിൽ എന്തിനാണ് പരമാത്മാവേ ദയ കാണിക്കു, ക്ഷമിക്കൂ എന്ന് വിളിക്കുന്നത്. ധർമ്മരാജനിലൂടെ ഒരുപാട് ശിക്ഷ നൽകും എന്നറിയാം.

ബാബ മനസിലാക്കി തരുന്നു: കുട്ടികളേ, ഭക്തീമാർഗ്ഗത്തിലെ ഈ ശാസ്ത്രങ്ങളിലൊന്നും ഒരു സാരവുമില്ല. നിങ്ങൾക്കിപ്പോൾ ഭക്തി നല്ലതായി തോന്നുന്നില്ല. ഹേ ഭഗവാൻ എന്നും വിളിക്കുന്നില്ല. ആത്മാവ് മനസിനുള്ളിൽ ഓർമ്മിക്കുന്നു. അത്രയേയുള്ളു, ഇതാണ് അജപാജപം. ആത്മാക്കളോട് നിരാകാരനായ ബാബ സംസാരിക്കുന്നു. ആത്മാവ് കേൾക്കുന്നു. സർവ്വവ്യാപി എന്ന് പറയുകയാണെങ്കിൽ എല്ലാം പരമാത്മാവാകും. ബാബ പറയുന്നു: എത്ര കല്ല്ബുദ്ധികളായിരിക്കുകയാണ്. ഗുരു എന്തെങ്കിലും കാരണത്താൽ ശപിക്കരുതെന്ന് മനുഷ്യർക്ക് വളരെ പേടിയുണ്ട്. ബാബ സുഖദാതാവാണ്. അച്ഛൻ കുട്ടികളെ ശപിക്കുകയോ, അകൃപ കാണിക്കുകയോ ചെയ്യില്ല. ശ്രീമതമനുസരിച്ച് നടക്കുന്നില്ലായെങ്കിൽ, പഠിത്തം ഉപേക്ഷിക്കുകയാണെങ്കിൽ സ്വയം സ്വയത്തെ ശപിക്കുകയാണ്, തന്റെമേൽ അകൃപ കാണിക്കുകയാണ്. ബാബ പറയുന്നു: കുട്ടികളേ, അച്ഛനായ എന്നെമാത്രം ഓർമ്മിക്കൂ. സത്യ- ത്രേതായുഗത്തിൽ ഭക്തിയില്ല. ഇപ്പോൾ രാത്രിയായതു കാരണം മനുഷ്യർ വഞ്ചിതരായി കൊണ്ടിരിക്കുന്നു. അതുകൊണ്ടാണ് പറയുന്നത് സത്ഗുരു ഇല്ലായെങ്കിൽ ഘോര അന്ധകാരം. നിങ്ങൾ ദേവതകളായിരുന്നു പിന്നെ ക്ഷത്രിയരായി, പിന്നെ വൈശ്യ ശൂദ്രനായി എന്ന് മുഴുവൻ ചക്രത്തിന്റെ രഹസ്യം സത്ഗുരു മനസിലാക്കി തരുന്നു. ഇങ്ങനെ 84 ജന്മങ്ങൾ പൂർണ്ണമാക്കി. സത്യയുഗത്തിൽ 8 പുനർജന്മങ്ങൾ, ത്രേതായിൽ 12 പുനർജന്മങ്ങൾ, പിന്നെ ദ്വാപര കലിയുഗത്തിൽ 63 ജന്മങ്ങൾ. ചക്രത്തിന് കറങ്ങുക തന്നെ വേണം. ഇക്കാര്യങ്ങൾ മനുഷ്യർക്കറിയില്ല.

ഈ ഭാരതം വിശ്വത്തിന്റെ അധികാരിയായിരുന്നു അപ്പോൾ മറ്റ് ഖണ്ഡങ്ങൾ ഉണ്ടായിരുന്നില്ല. അസത്യഖണ്ഡം ആരംഭിക്കുമ്പോളാണ് പിന്നെ മറ്റ് ഖണ്ഡങ്ങൾ ഉണ്ടാകുന്നത്. ഇപ്പോൾ നോക്കൂ, എത്ര വഴക്കും യുദ്ധവുമാണ്. ഇത് അനാഥരുടെ ലോകമാണ്, അച്ഛനെ അറിയുന്നില്ല. ഹേ പരമാത്മാവേ... എന്ന് വെറുതേ വിളിക്കുന്നു. ബാബ പറയുന്നു: ഞാൻ ഒരേഒരു പ്രാവശ്യമാണ് പതീത ലോകത്തെ പാവനമാക്കുവാൻ വരുന്നത്. ബാപു(ഗാന്ധിജി) രാമരാജ്യം സ്ഥാപിക്കുകയാണെന്ന് അവർ കരുതിയതു കാരണം അദ്ദേഹത്തിന് ഒരുപാട് ധനം നല്കിയിരുന്നു. എന്നാൽ ആ ധനം ഒരിക്കലും തന്റേതായ കാര്യങ്ങൾക്ക്  ഉപയോഗിച്ചിരുന്നില്ല. എന്നിട്ടും രാമരാജ്യം സ്ഥാപിക്കപ്പെട്ടില്ല. ഇത് ശിവബാബയാണ്, ദാതാവല്ലേ. വിനാശം തീർച്ചയായും സംഭവിക്കും അതുകൊണ്ട് നിങ്ങൾ ധനം സഫലമാക്കൂ എന്ന് മാത്രം മനസിലാക്കി തരുന്നു.  സെന്ററുകൾ തുറക്കൂ. ഒരു അച്ഛനിൽ നിന്നും വന്ന് സെക്കന്റിൽ സ്വർഗ്ഗത്തിന്റെ ആസ്തിയെടുക്കു എന്ന് ബോർഡ് വെയ്ക്കൂ. ബാബ പറയുന്നു: എന്റെ ഓർമ്മയിലൂടെയേ നിങ്ങൾ പാവനമാകൂ. നിങ്ങളുടെ ബുദ്ധിയിൽ ഈ ചക്രം കറങ്ങണം. ബ്രാഹ്മണരാണ് യജ്ഞ രക്ഷകരാകുന്നത്. ഇത് രുദ്ര ജ്ഞാന യജ്ഞമാണ്, കൃഷ്ണന്റെ യജ്ഞമല്ല. സത്യയുഗത്തിൽ യജ്ഞം ഉണ്ടാകില്ല. ഇത് ജ്ഞാന യജ്ഞമാണ്. ബാക്കി സർവ്വതും ഭക്തിയുടെ യജ്ഞമാണ്. യജ്ഞത്തിൽ അനേക പ്രകാരത്തിലെ ശാസ്ത്രങ്ങൾ വെയ്ക്കുന്നു. നല്ല ശബ്ദങ്ങൾ പുറപ്പെടുവിക്കുന്നു. അതിനെ ജ്ഞാന യജ്ഞമെന്ന് പറയാൻ സാധിക്കില്ല. ബാബ പറയുന്നു:  രുദ്രനായ എന്റെ  ജ്ഞാന യജ്ഞം രചിച്ചിരിക്കുകയാണ്. എന്റെ നിർദ്ദേശം അനുസരിച്ച് നടക്കുന്നവർക്ക് വലിയ സമ്മാനം ലഭിക്കും, വിശ്വ രാജ്യാധികാരം. നിങ്ങൾ കുട്ടികൾക്ക് മുക്തി, ജീവൻ മുക്തിയുടെ ഉപഹാരം നൽകുന്നു. ബാബ പറയുന്നു: മനുഷ്യരാണെങ്കിൽ 84 ലക്ഷം ജന്മമുണ്ടെന്ന് പറഞ്ഞു, ഞാൻ കണ-കണങ്ങളിലുണ്ടെന്ന് പറഞ്ഞു, എന്നിട്ടും ഞാൻ പരോപകാരി സേവാധാരിയാണ്. നിങ്ങൾ രാവണന്റെ നിർദ്ദേശം അനുസരിച്ച് എന്നെ നിന്ദിച്ചാണ് വന്നത്. ഇതും ഡ്രാമയിൽ ഉണ്ടാക്കിയിട്ടുള്ളതാണ്. ഇപ്പോൾ നിങ്ങൾ കുട്ടികൾ ഓരോ ചുവടിലും ശ്രീമതമനുസരിച്ച് നടക്കണം. ബാബ കുട്ടികൾക്ക് നല്ല നിർദ്ദേശം നല്കും, മായ തെറ്റായ നിർദ്ദേശം നല്കും അതുകൊണ്ട് ശ്രദ്ധിക്കൂ. എന്റേതായി പിന്നീട് എന്തെങ്കിലും വികർമ്മം ചെയ്താൽ 100 മടങ്ങ് ശിക്ഷ ലഭിക്കും. യോഗബലത്തിലൂടെ ശരീരവും പവിത്രമായത് ലഭിക്കും. സന്യാസികൾ പറയുന്നു ആത്മാവ് നിർലേപമാണ്, ബാക്കി ശരീരം പതീതമാണ് അതുകൊണ്ട് ഗംഗാ സ്നാനം ചെയ്യുന്നു. അല്ലയോ കുട്ടികളേ, ആത്മാവ് സത്യമായ സ്വർണ്ണമല്ലെങ്കിൽ ആഭരണം എങ്ങനെ സത്യമായ സ്വർണ്ണത്തിന്റേതാകും. ഇപ്പോൾ 5 തത്വങ്ങളും തമോപ്രധാനമാണ്. നിങ്ങളുടെ ഈ ആത്മീയ ഗവൺമെന്റ് വളരെ വലിയതാണ്, എന്നാൽ നോക്കു നിങ്ങൾക്ക് സേവനം ചെയ്യുവാനായി 3 അടി മണ്ണ് പോലും കിട്ടുന്നില്ല. പിന്നീട് നിങ്ങളെ വിശ്വത്തിന്റെ അധികാരികളാക്കുന്നു. അവിടെ ആർക്കും പ്രശ്നമൊന്നും ഉണ്ടാക്കാൻ സാധിക്കില്ല അങ്ങനെയുള്ള വിശ്വരാജ്യാധികാരം നല്കുന്നു. ആകാശം, സാഗരം തുടങ്ങി സർവ്വതിന്റേയും അധികാരിയാകുന്നു. ഒരു പരിധിയും ഉണ്ടാകില്ല. ഇപ്പോൾ പൂർണ്ണമായും നിർധനരായിരിക്കുന്നു. നിങ്ങൾ ഇപ്പോൾ വീണ്ടും വിശ്വത്തിന്റെ അധികാരികളാകുന്നു അതുകൊണ്ട് ശ്രീമതമനുസരിച്ച് നടക്കണം. ശ്രീമതമനുസരിച്ച് നടക്കുന്നില്ലായെങ്കിൽ മരിച്ചു. മായയുടെ ഭൂതം രാമ, രാമൻ സത്യമാണ്.....എന്ന് പറയിപ്പിച്ച് വീട്ടിലേക്ക് കൂട്ടികൊണ്ടുപോകും. പിന്നെ വളരെ കടുത്ത ശിക്ഷ അനുഭവിക്കേണ്ടി വരും. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) യജ്ഞത്തിന്റെ സേവനം വളരെ സ്നേഹത്തോടെ ചെയ്ത്, ഓരോ ചുവടിലും ശ്രീമതമനുസരിച്ച് നടന്ന് ബാബയിൽ നിന്ന് മനസ്സിനിഷ്ടപ്പെട്ട ഫലം അതായത് വിശ്വരാജ്യാധികാരം നേടണം.

2) വിനാശം തീർച്ചയായും സംഭവിക്കും അതുകൊണ്ട് നിങ്ങളുടെ സർവ്വതും തന്നെ സഫലമാക്കണം. ധനമുണ്ടെങ്കിൽ സെന്റർ തുറന്ന് അനേകരുടെ മംഗളത്തിന് നിമിത്തമാകണം.

## വരദാനം:- മനസ്സിലൂടെ തീവ്രഗതിയുടെ സേവനം ചെയ്യുന്ന ബാബയ്ക്ക് സമാനം ദയാഹൃദയരായി ഭവിക്കൂ

സംഗമയുഗത്തിൽ ബാബയിലൂടെ ഏതെല്ലാം വരദാനങ്ങളുടെ ഖജനാവാണോ ലഭിച്ചിട്ടുള്ളത് അതിനെ

എത്രത്തോളം വർദ്ധിപ്പിക്കാനാഗ്രഹിക്കുന്നോ അത്രത്തോളം മറ്റുള്ളവർക്ക് കൊടുത്തുകൊണ്ടിരിക്കൂ. ഏതുപോലെയാണോ ബാബ ദയാഹൃദയനായിട്ടുള്ളത് അതുപോലെ ബാബയ്ക്ക് സമാനം ദയാഹൃദയരാകൂ, കേവലം വാക്കിലൂടെയല്ല, എന്നാൽ തന്റെ മനസ്സാ വൃത്തിയിലൂടെ വായുമണ്ഡലത്തിലൂടെ ആത്മാക്കൾക്ക് തനിക്ക് ലഭിച്ചിട്ടുള്ള ശക്തികൾ നൽകൂ. എപ്പോൾ അൽപ സമയത്തിൽ മുഴുവൻ വിശ്വത്തിന്റെയും സേവനം സമ്പന്നമാക്കണോ അപ്പോൾ തീവ്ര ഗതിയിൽ സേവനം ചെയ്യൂ. എത്രത്തോളം സ്വയത്തെ സേവനത്തിൽ ബിസിയാക്കുന്നോ അത്രത്തോളം സഹജമായി മായാജീത്തുമാകും.

**സ്ലോഗൻ:- തന്റെ സന്തുഷ്ടവും പ്രസന്നവുമായ ജീവിതത്തിലൂടെ ഓരോ ചുവടിലും സേവനം ചെയ്യുന്നവർ തന്നെയാണ് സത്യമായ സേവാധാരി.**